MaX BOOKS



# സാഹിത്യചരിത്രം സിദ്ധാന്തം സൗന്ദര്യം രാഷ്ട്രീയം

എഡിറ്റർ
ഡോ. തോമസ് സ്കറിയ

## ഉള്ളടക്കം

### സിദ്ധാന്തം

ചരിത്രവും സാഹിത്യചരിത്രവും 11
*ഡോ. തോമസ് സ്കറിയ*

ചരിത്രരചന- ഉത്തരാധുനിക സങ്കല്പം 21
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രത്തിലെ കാലഘട്ടനിർണ്ണയം 29
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രം സാധ്യമാണോ? 39
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രരചന-
പരികല്പനകളും പ്രതിനിധാനങ്ങളും 52
*ഡോ. വി. അനീഷ് കുമാർ*

ദേശചരിത്രവും സാഹിത്യചരിത്രങ്ങളും 68
*ഡോ. ജൈനിമോൾ കെ. വി.*

### സൗന്ദര്യം

ജനപ്രിയസാഹിത്യചരിത്രം മലയാളത്തിൽ 78
*ഡോ. ജൈനിമോൾ കെ. വി.*

സാഹിത്യചരിത്രങ്ങളും നാടോടിവിജ്ഞാനീയവും 91
*ഡോ. സിബി കുര്യൻ*

പച്ചമലയാളപ്രസ്ഥാനവും സാഹിത്യചരിത്രങ്ങളും 106
*ഡോ. സുവർണ്ണനി ദേവി ഇ.*

മലയാളത്തിലെ നോവൽ സാഹിത്യചരിത്രങ്ങൾ 113
*നിഷമോൾ തങ്കപ്പൻ*

## ജനപ്രിയസാഹിത്യചരിത്രം മലയാളത്തിൽ

ഡോ. ജൈനിമോൾ കെ. വി.

ജനസാമാന്യത്തിന്റെ സാഹിത്യമാണ് ജനപ്രിയ സാഹിത്യം. ജനകീയതയാണത് ലക്ഷ്യമിടുന്നത് എന്നതുകൊണ്ട് ജനകീയ സാഹിത്യവുമാണ്. ലക്ഷക്കണക്കിന് ആളുകൾ ജനപ്രിയസാഹിത്യം വായിക്കുന്നു. അങ്ങനെ വരുമ്പോൾ മാറ്റിനിർത്തേണ്ട ഒന്നാണോ ജനപ്രിയ സാഹിത്യം? പൈങ്കിളി എന്നും രണ്ടാംകിട എന്നും അത് പരിഹസിക്കപ്പെടുന്നതിൽ എന്തർത്ഥമാണ് ഉള്ളത്? മലയാള സാഹിത്യചരിത്രത്തിൽ ജനപ്രിയസാഹിത്യത്തിന് അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടുണ്ടോ എന്നതും പര്യാലോചിക്കേണ്ടതുണ്ട്. മലയാളത്തിലേക്ക് ജനപ്രിയ സാഹിത്യരൂപങ്ങൾ കടന്നുവന്നതിന്റെ കാരണങ്ങളെക്കുറിച്ച് പി. കെ. രാജശേഖരൻ വിശദീകരിക്കുന്നുണ്ട്: സ്വാതന്ത്ര്യസമരത്തിന്റെയും രണ്ടാം ലോകമഹായുദ്ധത്തിന്റെയും തീവ്രതയും പട്ടിണിയും ദാരിദ്ര്യവും അനുഭവിച്ചുകൊണ്ടിരുന്ന പുത്തൻ വായനാസമൂഹത്തിൽ ഒരു സ്വപ്നതൃഷ്ണ നിലനിന്നിരുന്നു. യഥാർത്ഥമായ ആനന്ദലോകത്തിനുവേണ്ടിയുള്ള തൃഷ്ണയെ തൃപ്തിപ്പെടുത്താൻ കേവല വിനോദമൂല്യത്തിൽ ഊന്നുന്ന സാഹിത്യം ആവശ്യമായിരുന്നു. ജീവിത ദുഃഖങ്ങൾക്കും പ്രതിസന്ധികൾക്കും ലളിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന കിനാവുകളെയും മോഹങ്ങളെയും ഭാവന കൊണ്ട് പൂരിപ്പിക്കുന്ന യഥാർത്ഥമായ ആനന്ദലോകം വാഗ്ദാനം ചെയ്ത ഒരു സാഹിത്യം ഗദ്യത്തിലെ റിയലിസത്തിനും പദ്യത്തിലെ കാല്പനികതക്കും സമാന്തരമായി തന്നെ മലയാള സാഹിത്യത്തിൽ വളരാൻ ആരംഭിച്ചു. ആ സമാന്തര/ബദൽ സാഹിത്യത്തെയാണ് പൈങ്കിളി സാഹിത്യമെന്ന് ഉന്നത സാഹിത്യം പരിഹാസപൂർവം വിളിച്ചത്. യഥാർത്ഥത്തിൽ ഒന്നോ രണ്ടോ എഴുത്തുകാരോ പ്രസാധകരോ ചേർന്നു നിർമ്മിക്കുന്ന ഒരു അഭിരുചിയോ പ്രസ്ഥാനമോ